(സി) ഇക്കൊല്ലത്തെ ക്രെഡിറ്റ് ടാർജറ്റ് പൂർത്തീകരിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ഗ്രാമീണ റോഡുകൾക്ക് നബാർഡ് സഹായം

40 (1948) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 വർഷത്തിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനു നബാർഡിൽ നിന്നും എന്തു തുകയാണു കിട്ടിയിട്ടുള്ളത് ;

(ബി) ഈ തുകയിൽ ഓരോ ജില്ലയ്ക്കും എത്ര വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് അനുവദിച്ച റോഡുകളുടെ പുനരുദ്ധാരണ പണികൾ ആരംഭിച്ചിട്ടുള്ളതായി അറിയുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നു വെളിപ്പെടുത്താമോ ;

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും എന്തു തുകയാണ് ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുള്ളത് ;

(എഫ്) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതെത്രയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി & ഡി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും ഈ പദ്ധതിക്കായി 25 കോടി രൂപ ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(എഫ്) ബാധകമല്ല.

സർക്കാർ പ്രസ്സുകൾ

41 (1949) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഗവൺമെന്റ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട് ;

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[08-07-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 40 (1948) ദയവായി കാണുക]

ഉത്തരം (എ & ബി) : നബാർഡിന്റെ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും (ആർ. ഐ. ഡി. എഫ്.) 139 ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് 3830.52 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള റോഡ് പ്രോജക്ടുകൾക്ക് (ആർ. ഐ. ഡി. എഫ്. 111) വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിനായി 3447.738 ലക്ഷം രൂപ നബാർഡിൽ നിന്ന് വായ്പയായി ലഭിക്കും. ബാക്കി 10% ബ്ലോക്ക് പഞ്ചായത്തുകൾ വഹിക്കണം. നബാർഡിന്റെ നിബന്ധനകൾ പ്രകാരം പണം മുൻകൂറായി നൽകുകയില്ല. സർക്കാർ നല്കുന്ന യഥാർത്ഥ ചെലവിന്റെ കണക്കുകളുടെ അടിസ്ഥാനത്തിലാണ് വായ്പ തുക നൽകുക.

ഓരോ ജില്ലയിലും അനുവദിച്ച റോഡുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	270.82	(രൂപ ലക്ഷത്തിൽ)	(10 റോഡ്)
കൊല്ലം	202.15	,,	(13 റോഡ്)
പത്തനംതിട്ട	284.74	,,	(12 റോഡ്)
ആലപ്പുഴ	332.92	,,	(7 റോഡ്)
കോട്ടയം	270.63	,,	(13 റോഡ്)
ഇടുക്കി	405.35	,,	(10 റോഡ്)
എറണാകുളം	251.01	,,	(9 റോഡ്)
തൃശ്ശൂർ	371.28	,,	(14 റോഡ്)
പാലക്കാട്	371.01	,,	(17 റോഡ്)
മലപ്പുറം	534.17	,,	(17 റോഡ്)
കോഴിക്കോട്	111.27	,,	(6 റോഡ്)
കണ്ണൂർ	350.93	,,	(9 റോഡ്)
കാസർഗോഡ്	74.54	,,	(2 റോഡ്)
ആകെ	3830.82	,,	(139 റോഡുകൾ)

(സി & ഡി) : ആർ. ഐ. ഡി. എഫ്. 111 ലെ 87 റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വീതി ലഭിച്ചിട്ടുള്ള ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly